പോലീസുകാരുടെ അന്തർജില്ലാ സ്ഥലംമാറ്റ അപേക്ഷയിൻമേൽ നടപടി

23 (4629) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് റിസർവ്വ്, ലോക്കൽ പോലീസ് സംയോജനം നടക്കു മ്പോൾ ആംഡ് റിസർവ്വിലെ ഇപ്പോൾ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരിക്കുന്ന പോലീസുകാരുടെ അപേക്ഷ ഏത് രീതിയിൽ പരിഗണി ക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത് ;

(ബി) സംയോജനം നടന്നാൽ ഇവർക്ക് സ്വന്തം ജില്ലയിലേക്കുള്ള സ്ഥലം മാറ്റത്തിന് വലിയ കാലതാമസം ഉണ്ടാകും എന്നതിനാൽ സംയോജ നത്തിനു മുമ്പ് സ്ഥലംമാറ്റം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആംഡ് റിസർവ്വ് ലോക്കൽ പോലീസ് സംയോജനം നടത്തി കേരള സിവിൽ പോലീസ് കേഡർ രൂപീകരിക്കുന്നതിന് വകുപ്പു തലത്തിൽ നിന്നുംസർക്കാരിലേക്ക് സമർപ്പിച്ച ശുപാർശകൾ സർക്കാരിന്റെ പരിഗണന യിലാണ്.

(ബി) ജില്ലാ സ്ഥലംമാറ്റം നടത്തുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളും ചട്ടങ്ങളും ബാധകമാണ്. ആംഡ് റിസർവ്വ് - ലോക്കൽ സംയോജനവുമായി ബന്ധപ്പെട്ട് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകണമോ എന്ന വിഷയത്തിൽ സർക്കാർ നയം അനുസരിച്ചും നിർദ്ദിഷ്ട കേരള സിവിൽ പോലീസ് വിങ്ങിന്റെ ഭരണപരമായ ഉദ്ദേശ്യങ്ങളും ആവശ്യങ്ങളും മുൻനിർത്തി മാത്രമേ അന്തിമ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

എല്ലാ പോലീസ് സ്റ്റേഷനിലും വനിതാ ഹെൽപ്പ് ഡസ്ക് സ്ഥാപിക്കാൻ നടപടി

24 (4630) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പോലീസ് സ്റ്റേഷനോടും ചേർന്ന് വനിതാ എസ്. ഐ. യുടെ നേതൃത്വത്തിൽ പ്രത്യേക വനിതാ ഹെൽപ്പ് ഡസ്ക് സ്ഥാപിച്ചി ട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടിയെടുക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ DYSP ഓഫീസിനോടും ചേർന്ന് വനിതകൾക്കായി വനിതാ എസ്. ഐ. യുടെ കീഴിൽ പ്രത്യേക കൗൺസിലിംഗ് സെന്റർ രൂപീകരിക്കുമോ ;

(സി) വനിതാ എസ്.ഐ. മാരുടെ നേരിട്ടുള്ള നിയമനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതിൽ 50% തസ്തികകൾ പ്രമോഷൻ മുഖേന നികത്തുന്നതിന് നടപടിയെടുക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിലെ എല്ലാ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് പോലീസ് സ്റ്റേഷനുകൾ, ജില്ലാ വനിതാ സെല്ലുകൾ, ജില്ലകൾതോറും 4 പ്രധാന പോലീസ് സ്റ്റേഷനുകൾ എന്നിവ ഉൾപ്പെടെ 150 പോലീസ് സ്റ്റേഷനുകളിൽ 2010-11 വർഷത്തിൽ വനിതാ ഹെൽപ്പ് ഡസ്ക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്.

(ബി) 150 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡസ്ക്കുകൾ സ്ഥാപിക്കുന്നതിനോടൊപ്പം വിക്ടിം സപ്പോർട്ട് സെൽ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൗൺസിലിംഗ് സൗകര്യവും ഏർപ്പെടുത്തുന്നതാണ്.

(സി) 25-5-2009-ലെ ജി.ഒ.(പി) നമ്പർ 65/2009/ആഭ്യന്തരം എന്ന സർക്കാർ ഉത്തരവ് പ്രകാരം ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ വനിതാ സബ് ഇൻസ്പെക്ടർമാരെക്കൂടി നേരിട്ട് നിയമിക്കുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. 50% തസ്തികകൾ പ്രമോഷൻ മുഖേന നികത്തുന്നത് സംബന്ധിച്ച് ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

മലപ്പുറം ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്ത കേസ്സുകൾ

25 (4631) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ നിന്നും സ്ത്രീകളെയും കുട്ടികളെയും കാണാതായ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly